**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3607.** **12.05.2017 ൽ മറുപടിയ്ക്ക്**

**വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മദ്യശാലകൾ അടച്ചു പൂട്ടിയശേഷം സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചതായി കരുതുന്നുണ്ടോ; | (എ) | മദ്യവിൽപ്പന ശാലകൾ പൂട്ടേണ്ടിവന്ന സാഹചര്യത്തിൽ മദ്യത്തിന്റെ ലഭ്യത വളരെയധികം കുറയുന്നതുമൂലം സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചതായി തെളിയിക്കുന്ന പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ മുൻ മാസത്തെ അപേക്ഷിച്ച് 2017 ഏപ്രിൽ മാസം എക്സൈസ് വകുപ്പ് കണ്ടെടുത്ത വ്യാജമദ്യം, മയക്കുമരുന്നുകൾ തുടങ്ങിയവയുടെ അളവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആയത് സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു. |

| വ്യാജമദ്യം / മയക്കുമരുന്ന് | 2017 മാർച്ച് മാസം പിടിച്ചെടുത്ത അളവ് | 2017 ഏപ്രിൽ മാസം പിടിച്ചെടുത്ത അളവ് |
|---|---|---|
| സ്പിരിറ്റ് *(ലിറ്റർ)* | 2.5 | 1339 |
| ചാരായം *(ലിറ്റർ)* | 255 | 419 |
| കോട *(ലിറ്റർ)* | 10619 | 34407 |
| അന്യ സംസ്ഥാന മദ്യം *(ലിറ്റർ)* | 785 | 1098 |
| കഞ്ചാവ് *(കിലോ ഗ്രാം)* | 74 | 63 |
| ഹാഷിഷ് *(ഗ്രാം)* | -- | 205 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>ഹെറോയിൻ<br>(ഗ്രാം)</td><td>--</td><td>239.65</td></tr>
<tr><td>ബ്രൗൺഷുഗർ<br>(ഗ്രാം)</td><td>4.13</td><td>2.1</td></tr>
<tr><td>ഓപ്പിയം<br>(ഗ്രാം)</td><td>5</td><td>9</td></tr>
<tr><td>കൊക്കൈൻ<br>(ഗ്രാം)</td><td>--</td><td>11</td></tr>
<tr><td>എം.ഡി.എം.എ.<br>ക്രിസ്റ്റൽ (ഗ്രാം)</td><td>--</td><td>47</td></tr>
<tr><td>എം.ഡി.എം.എ.<br>ഓയിൽ (ഗ്രാം)</td><td>--</td><td>3</td></tr>
<tr><td>നൈട്രെസെഫാം<br>(ടാബ്ലറ്റ്)</td><td>247</td><td>967</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ലഹരി മാഫിയയുടെ പ്രവർത്തനം സംസ്ഥാനത്തുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;</td><td>(ബി)</td><td>കണ്ടെത്തിയിട്ടില്ല.</td></tr>
<tr><td>(സി)</td><td>പ്രസ്തുത പ്രവർത്തനം തടയുന്നതിനും സംസ്ഥാനത്തെ ലഹരി മുക്തമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;</td><td rowspan="2">(സി) ഉം (ഡി) ഉം</td><td rowspan="2">സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ വിപണനം തടയുന്നതിനും സംസ്ഥാനത്തെ ലഹരി മുക്തമാക്കുന്നതിനും നിലവിൽ എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ട് വന്ന് വിപണനം നടത്തുന്നത് തടയുന്നതിനും ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹനപരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. അയൽ സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖ</td></tr>
<tr><td>(ഡി)</td><td>എങ്കിൽ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ;</td></tr>
</table>

| | | | |
|---|---|---|---|
| | | | ലകളിൽ സംയുക്ത പരിശോധനകൾ നടത്തി വരുന്നു.<br>കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നതും ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ വ്യാജമദ്യ-മയക്കുമരുന്ന് കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തി വരുന്നുമുണ്ട്. സംസ്ഥാനത്തുടനീളം എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. വ്യാജമദ്യം, മയക്ക് മരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽ നിന്നും ഫോൺ, ഇ-മെയിൽ, വാട്ട്സ്-ആപ്പ്, ഫെയ്സ്-ബുക്ക് തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിന് 24 മണിക്കുറും പ്രവർത്തിക്കുന്ന സംവിധാനം ഏർപ്പെട്ടുത്തിയിട്ടുണ്ട്.<br>ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യ |

| | | | |
|---|---|---|---|
| | | | വർജ്ജന സമിതികൾ അടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ കൂടി സഹകരണത്തോടെ ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവത്കരണ മിഷന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത മിഷന്റെ ഭാഗമായി ലഹരിക്കെതിരായി പൊതുജനങ്ങൾക്കിടയിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ ബോധവത്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ച് വരുന്നുണ്ട്. |
| (ഇ) | വ്യാജമദ്യം സംസ്ഥാനത്ത് സുലഭമാണെന്ന റിപ്പോർട്ടുകൾ പരിശോധിച്ച് നിജസ്ഥിതി ഉറപ്പുവരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ? | (ഇ) | മദ്യവിൽപ്പനശാലകൾ പൂട്ടേണ്ടിവന്ന സാഹചര്യത്തിൽ മദ്യത്തിന്റെ ലഭ്യത വളരെയധികം കുറഞ്ഞതുമൂലം സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ ഉത്പാദനം, കടത്ത്, വിപണനം, ഉപഭോഗം മുതലായ കുറ്റകൃത്യങ്ങൾ ക്രമാതീതമായി വർദ്ധിക്കുവാനുള്ള സാധ്യത നിലവിലുണ്ട്. എന്നാൽ സംസ്ഥാനത്ത് വ്യാജമദ്യം സുലഭമാണെന്ന റിപ്പോർട്ടുകൾ അടിസ്ഥാന രഹിതമാണ്. |

**സെക്ഷൻ ഓഫീസർ**